# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിപ്രദേശത്തിൻെറ സാമൂഹിക-സാമ്പത്തിക പശ്ചാത്തലവും, പ്രദേശത്തെ സാംസ്കാരിക, സാമൂഹ്യസംഘടനകൾ മുതലായവ പദ്ധതിബാധിതമാകുന്നുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിബാധിത ഭൂവുടമകളിൽ ശ്രീ ടി.എ.ജോണിൻെറ കുടുംബം മാത്രമാണ് പദ്ധതി ബാധിത പ്രദേശത്തിനടുത്ത് താമസിക്കുന്നത്. ഭൂവുടമയും അദ്ദേഹത്തിൻെറ ഭാര്യയും 1 മകനും ഉൾപ്പടെ 3 അംഗങ്ങളാണ് അദ്ദേഹത്തിൻെറ കുടുംബത്തിലുള്ളത്.

പദ്ധതിപ്രദേശം ബി.ടി.എസ് റോഡിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. പദ്ധതി പ്രദേശത്തിനു സമീപം ജനവാസസ്ഥലങ്ങളാണ്

## 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതി ബാധിത ഭൂമിയുടെ ഉടമകൾ 2 കുടുംബങ്ങളാണ്. ടി കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗം ബിസിനസ് ആണ്. പൊതുവിതരണ സമ്പ്രദായമനുസരിച്ച് ടി കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡാണ് ലഭിച്ചിട്ടുള്ളത്.

## 6.3. ദുർബല ജനവിഭാഗം

ഭൂവുടമകൾ 2 പേരും വയോജനങ്ങളാണ്. ശ്രീ.ജോൺ കിഡ്നി സംബന്ധമായ അസുഖത്തിന് ഡയാലിസിസിന് വിധേയനാകുന്ന കിടപ്പ് രോഗിയും അദ്ദേഹത്തിൻെറ മകൻ മാനസികാസ്വാസ്ഥ്യമുള്ള വ്യക്തിയുമാണെന്ന് മനസിലാക്കുന്നു.

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ശ്രീ.ജോർജ് മാത്യു നിർദ്ദിഷ്ട ഭൂമി കൈവശ ഭൂമിയായി മാത്രം ഉപയോഗിക്കുന്നു. ശ്രീ.ടി.എ.ജോൺ വീട്ടിലേക്കും ബിസിനസ് ആവശ്യത്തിനും ലോറി വരുന്നതിനുള്ള വഴിയായി നിർദ്ദിഷ്ട ഭൂമി ഉപയോഗിക്കുന്നു

